തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് നടപടി

38 [2027] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി. സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പെരുവയൽ പഞ്ചായത്തിലെ അരീക്കൽ മീത്തൽ ചെറുകുന്ന് കോളനി ഭാഗത്തേക്ക് തെരുവ് വിളക്ക് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി സർക്കാരിലേക്ക് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി പണമടച്ചിട്ട് ഇതുവരെ കണക്ഷൻ നൽകിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭാഗത്തേക്ക് തെരുവ് വിളക്ക് എന്ന് സ്ഥാപിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) തെരുവ് വിളക്കുകൾ സ്ഥാപിച്ച് ചാർജ് ചെയ്ത് കഴിഞ്ഞു.

കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു മേഖലാ മെറ്റീരിയൽ ഡിപ്പോ ആരംഭിക്കുവാൻ നടപടി

39 [2028] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു മേഖലാ മെറ്റീരിയൽ ഡിപ്പോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഇപ്പോൾ നല്ലളത്ത് ഒരു മേഖലാ മെറ്റീരിയൽ ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും വടക്കൻ മേഖലയിലെ സാധന സാമഗ്രികളുടെ ആവശ്യകത തൃപ്തികരമായി നിർവ്വഹിക്കുവാൻ സാധിക്കുന്നുണ്ട്. അതുകൊണ്ട് കൊണ്ടോട്ടിയിൽ വേറൊരു ഡിപ്പോ ആരംഭിക്കുവാൻ ഉദ്ദേശ്യമില്ല.

പടനിലം കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി

40 [2029] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിൽ നൂറനാട് പഞ്ചായത്തിലെ പടനിലം കേന്ദ്രമാക്കി ഒരു കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly